# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1000.

05.02.2020-ലെ മറുപടി

## പാതിവഴിയിലെത്തി നിൽക്കുന്ന ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ പാതിവഴിയിലെത്തി നിൽക്കുന്ന ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ട് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്; ഞാറയ്ക്കൽ മുരിക്കുംപാടം ഉന്നതതല ജലസംഭരണികളുടെ ബാക്കി പ്രവൃത്തികൾ (Risk and cost of original contractor) പൂർത്തീകരിക്കുന്നതിനായി പ്രവൃത്തി പുനർക്രമീകരിക്കുന്നതിനുള്ള ദർഘാസുകൾ 02.09.2019-ൽ ക്ഷണിക്കുകയും, ലഭിച്ച ദർഘാസുകൾ അംഗീകരിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയിലെ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറെയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണങ്ങൾ എന്നത്തേക്ക് പുനരാരംഭിക്കുവാനാകുമെന്നും നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കാമോ; | | |
| (സി) | നിർമ്മാണം പുനരാരംഭക്കുന്നതിനായി ഇക്കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പ്രസ്തുത ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | നിർമ്മാണം പുനരാരംഭിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ കൊച്ചി, 13.11.201 ൽ പുനർദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത ശ്രീ.കെ.കെ. മുഹമ്മദ് ക്വാട്ട് ചെയ്ത തുക നിലവിലുള്ള അനുവദനീയ തുകയായ (DSR 2016+10%) യെക്കാൾ കൂടുതലായതിനാൽ ദർഘാസ് പി.എ.സി. യുടെ 10% അധികത്തുകയ്ക്ക് അനുമതി നൽകിയെങ്കിലും അദ്ദേഹം പ്രസ്തുത തുകയ്ക്ക് പ്രവൃത്തി നടത്താൻ തയ്യാറല്ലെന്ന് അറിയിച്ചതിനാൽ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 11.07.2019-ലെ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം ദർഘാസ് റദ്ദ് ചെയ്യുകയും തുടർന്ന് 27.07.2019 - ൽ ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതിയായി കണ ക്കാക്കി വീണ്ടും ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് പുനർദർഘാസ് 02.09.2019-ൽ ക്ഷണിക്കുകയും (01.10.2019-ൽ തുറക്കുകയും) ആയത് പ്രകാരം ലഭിച്ചിട്ടുള്ള ദർഘാസ് രേഖകൾ അനുമതിയ്ക്കായി കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ 2017-ൽ അംഗീകാരം ലഭിച്ച ജിഡ ഡെപ്പോസിറ്റ് വർക്കിൽ ആയതിനാൽ ബാക്കി പ്രവൃത്തികൾക്കായുള്ള നിലവിലുള്ള ടെണ്ടറുകൾക്ക് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തതിനാൽ ആവശ്യമായ തുക GIDA യിൽ നിന്നും ലഭ്യമാകുമോ എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ ടെണ്ടർ കമ്മിറ്റി തീരുമാന പ്രകാരം ഫണ്ട് ഉറപ്പ് വരുത്തുന്നതിനായി GIDA -യുമായി ബന്ധപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ